# കൊച്ചിയിൽ വിദേശകോളനി നിലവിൽ വന്നു

കൊച്ചി: ഉൾപ്പെടെ നാല് എക്സ്പോർട്ട് പ്രൊമോഷൻ സോണുകൾ നവംബർ 1 മുതൽ സ്പെഷ്യൽ എക്കണോമിക്ക് സോണുകളായി പ്രഖ്യാപിച്ചുകൊണ്ട് ഇന്ത്യാ ഗവൺമെൻറ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. ഗുജറാത്തിലെ കാണ്ട്ല, മഹാരാഷ്ട്രയിലെ സാന്താക്രൂസ്, പൊതുമേഖലയിലുള്ള മറ്റ് രണ്ട് സ്പെഷ്യൽ എക്കണോമിക് സോണുകൾ. ഗുജറാത്തിലെ സൂറത്തിലുള്ള സ്വകാര്യ എക്സ്പോർട്ട് പ്രോസ്സസിംഗ് സോണും, പ്രൊമോട്ടർമാരുടെ അഭ്യർത്ഥന അനുസരിച്ച് സ്പെഷ്യൽ എക്കണോമിക് മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

നാല് സ്പെഷ്യൽ എക്കണോമിക് സോണുകൾ നിലവിൽ വന്നതിനുപുറമെ, ഏഴ് മേഖലകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇവയിലൊന്ന് - ഗുജറാത്തിലെ പോസിത്ര - സ്വകാര്യമേഖലയിലാണ്. തമിഴ്നാട്ടിലെ നാംഗുനേരി, മഹാരാഷ്ട്രയിലെ ദ്രോണഗിരി, പശ്ചിമബംഗാളിലെ കൽപ്പി, ഒറീസ്സയിലെ പാരാദ്വീപ്, ഉത്തർപ്രദേശിലെ ഭദോഹി, ആന്ധ്രാപ്രദേശിലെ കാക്കിനാട എന്നിവിടങ്ങളിൽ സംസ്ഥാനഗവൺമെൻറുകൾ സാമ്പത്തികമേഖലകൾ സ്ഥാപിക്കും. ഈ ഏഴ് സ്പെഷ്യൽ എക്കണോമിക് സോണുകളും അടുത്തുതന്നെ നിലവിൽവരുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മുടെ രാജ്യത്തിനകത്ത് നിലനിൽക്കുന്ന വിദേശരാജ്യങ്ങളുടെ കോളനികൾ പോലെയാണ് പ്രത്യേക സാമ്പത്തികമേഖലകൾ പ്രവർത്തിക്കുക.

ഇവിടെ സാധനസാമഗ്രികളുടെ ഉൽപ്പാദനവും അവയുടെ കയറ്റുമതിയും ഇറക്കുമതിയും വ്യാപാരവും നടത്താം. എന്നാൽ അവയുടെ മേൽ ഏതെങ്കിലും തരത്തിലുള്ള നികുതിചുമത്താനോ നിയന്ത്രണമേർപ്പെടുത്താനോ സർക്കാരിനധികാരമില്ല! കസ്റ്റംസുകാർ അവിടെ പ്രവേശിച്ചുകൂടാ!! ഉല്പാദന മേഖലയിൽ നൂറുശതമാനം വിദേശ നിക്ഷേപം ആവാം!!!

പുതിയ സാമ്പത്തികനയത്തിൻേറയും ഉദാരവൽക്കരണത്തിൻേറയും ഭാഗമായി, സ്പെഷ്യൽ എക്കണോമിക് സോൺ എന്ന് ലളിതനാമത്തിൽ സ്ഥാപിക്കപ്പെടുന്ന ഈ വിദേശകോളനികൾ രാജ്യത്തിൻെറ പരമാധികാരത്തെ തന്നെയാണ് ചോദ്യം ചെയ്യുന്നത്. എങ്കിലും ഭരണകൂടത്തിനത് അനുവദിക്കാതെ വയ്യ. ലോകബാങ്കിൻേറയും സമ്പന്ന വിദേശരാഷ്ട്രങ്ങളുടേയും നിർദ്ദേശങ്ങൾക്കനുസരിച്ച് എന്തെങ്കിലുമൊക്കെ കെട്ടുകയും അഴിക്കുകയും ചെയ്യുന്ന വെറും മേനോക്കി (മേൽനോക്കി)കളുടെ അധികാരമല്ലേ ഇപ്പോൾ നമ്മുടെ സർക്കാരുകൾക്കുള്ളൂ.